# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2083 — 12.02.2013-ൽ മറുപടിയ്ക്ക്

**കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് പുതുതായി രൂപീകരിച്ച ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലേക്ക് ഏതെല്ലാം തസ്തികകളാണ് അനുവദിച്ചത് ; വ്യക്തമാക്കുമോ ; | എ) കാസർഗോഡ് വനം ഡിവിഷൻ സൃഷ്ടിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) അനുവദിച്ച എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടോ ; | ബി) കാസർഗോഡ് വനം ഡിവിഷനിലേയ്ക്ക് പുനർ വിന്യസം നടത്തേണ്ട ഒരു ക്ലാർക്ക് ഒരു പ്യൂൺ തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകളും പുനർ വിന്യാസം വഴി നികത്തിയിട്ടുണ്ട്. |
| സി) G.O(MS)22/2012 /F&W L D dt . 27/3/12 ഉത്തരവ് പ്രകാരം കാസർഗോഡ് ഡി.എഫ്.ഒ ഓഫീസിൽ അനുവദിച്ച തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | സി) G.O(MS)22/2012 /F&W L D dt . 27/3/12 ഉത്തരവ് പ്രകാരം കണ്ണൂർ ഡിവിഷനിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. കണ്ണൂർ ഡിവിഷനിൽ 6 ക്ലാർക്ക് തസ്തികകളും 2 പ്യൂൺ തസ്തികകളും പുതുതായി രൂപീകരിച്ച കാസർഗോഡ് ഡിവിഷനിലേയ്ക്ക് പുനർവിന്യാസിക്കുന്നത് കണ്ണൂർ ഡിവഷന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കാനിടയുള്ളതിനാൽ കണ്ണൂർ ഡിവിഷനിൽ നിന്നും പുനർവിന്യാസിക്കേണ്ട 6 ക്ലാർക്ക് തസ്തികകൾക്ക് പകരം 5 ക്ലാർക്ക് തസ്തികകളും 2 പ്യൂൺ തസ്തികകൾക്കും പകരം 1 പ്യൂൺ തസ്തികയും കാസർഗോഡ് ഡിവിഷനിൽ പുനർവിന്യാസിച്ചിട്ടുണ്ട്. |
| ഡി) അനുവദിച്ച എല്ലാ തസ്തികകളിലും ഉടനെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) അനുവദിച്ച എല്ലാ തസ്തികകളിലും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | പുനർവിന്യാസം ചെയ്യേണ്ട ഓഫീസ് |
|---|---|---|---|
| 1 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | 1 | എച്ച്.എൻ.എൽ കോട്ടയം |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | കണ്ണൂർ ഡിവിഷൻ |
| 3 | ഹെഡ് അക്കൗണ്ടന്റ് | 1 | തെതലത്ത് റെയിഞ്ച് |
| 4 | എൽ.ഡി.സി/യു.ഡി.സി | 8 | 6- കണ്ണൂർ ഡിവിഷൻ, 1-കാസർഗോഡ് റെയിഞ്ച്. 1- സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കാസർഗോഡ് |
| 5 | ടൈപ്പിസ്റ്റ് | 1 | വനം വകുപ്പ്ആസ്ഥാനം |
| 6 | പ്യൂൺ | 3 | 2- കണ്ണൂർ ഡിവിഷൻ, 1- സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കാസർഗോഡ് |
| 7 | ഡ്രൈവർ | 1 | വനം വകുപ്പ്ആസ്ഥാനം |

സെക്ഷൻ ഓഫീസർ